# മൂവി പാനൽ റിവ്യൂ

Sillundru oru kaathal.

സുര്യയുടേം ജ്യോതികയുടേം വിവാഹത്തിന് മൂന്ന് ദിവസത്തിന് മുൻപ് സെപ്റ്റംബർ 8, 2006 റിലീസ് ചെയ്ത ഒരു തമിഴ് റൊമാന്റിക് സിനിമ.ഗൗതം മേനോന്റെ അസിസ്റ്റന്റ് ആയിരുന്ന N കൃഷ്ണൻ ഒരു യഥാർത്ഥ കഥയെ അടിസ്ഥാനമാക്കി ഒരുക്കിയ ഈ തിരക്കഥയിലൂടെ സംവിധായകനായി അരങ്ങേറ്റം കുറിച്ചു.

ചാണക്യൻ, ക്ഷണക്കത്ത്,ഗുണ,വ്യൂഹം സൂര്യമാനസം, ഹൈവേ, മയിൽപീലിക്കാവ്, പ്രിയം എന്നിങ്ങനെ വ്യത്യസ്തമായ തിരക്കഥകൾ കൊണ്ടു മലയാളികളെ അമ്പരപ്പിച്ച സാബ് ജോൺ ആണ് ഈ സിനിമക്ക് സംഭാഷണം ഒരുക്കിയിക്കുന്നത്.

സൂര്യ- ജ്യോതിക വിവാഹം ഒരുക്കിയ വമ്പൻ publicity ആളുകളുടെ പ്രതീക്ഷകൾ പരിധിക്ക് അപ്പുറം കൂട്ടുകയും, അതു വഴി ഈ പടം പരാജയപ്പെടുകയും ചെയ്തു. ഒരു പരാജയ ചിത്രമായിട്ടും ഇത് കൂടുതൽ ആളുകളുടെ മനസിലേക്ക് ആഴത്തിൽ എത്തിച്ചേർന്നത് അതിന്റ വശ്യമായ സംഗീതം കൂടി കൊണ്ടാണ്.

A R റഹ്മാൻ ഒരുക്കിയ അതി മനോഹരഗാനങ്ങൾ ഇന്നും യാതൊരു വിധ മടുപ്പും കൂടാതെ പാടി നടക്കാൻ പറ്റുന്നവയാണ്. ഇന്നത്തെ റൊമാന്റിക് പാട്ടുകളോടും സംഗീതത്തോടും ഇപ്പോഴും മത്സരിച്ചു ജയിക്കാൻ ഈ പാട്ടുകൾക്ക് കഴിയും. മുൻപേ വായും, ന്യൂയോർക്ക് നഗരവും മജ മജ യും ഒക്കെ ഇന്നും music ചാനലുകളിൽ നിറഞ്ഞു നിൽക്കുന്നു.

പതിവ് തമിഴ് സിനിമകളുടെ മസാലകളോ, പൊടിപ്പും തൊങ്ങലുമോ ഒന്നും ഇല്ലാതെ ഏതൊരു സാധാരണക്കാരനും കാണാൻ പറ്റുന്ന മനോഹരമായ ഒരു ദൃശ്യവിരുന്നാണ് R.D രാജശേഖറിന്റെ ക്യാമറ കണ്ണുകൾ ഒരുക്കിയിരിക്കുന്നത്.

സാധാരണ എല്ലാവരും ആഗ്രഹിക്കുന്നത് പോലെ ഒരു ഭാര്യ ആണ് ജ്യോതിക അവതരിപ്പിക്കുന്ന കുണ്ഡവി എന്ന കഥാപാത്രം. എല്ലാ പെൺകുട്ടികളും സ്വപ്നം കാണുന്നത് പോലെ ഉള്ള ഒരു ഭർത്താവാണ് ഗൗതം എന്ന സൂര്യ. അങ്ങനെ ഒരു ദിവസം അപ്രതീക്ഷിതമായി ഭർത്താവിന്റെ കോളേജ് ലൈഫ്, അതായത് ഫസ്റ്റ് ലവ് ഭൂമിക ചൗളയുടെ ഐശ്വര്യ എന്ന കഥാപാത്രത്തെ കുറിച്ച് ഡയറിയിൽ വായിക്കേണ്ടി വരുന്ന ഭാര്യയും അവിടം തൊട്ടുള്ള സംഭവ വികാസങ്ങളും ആണ് കഥാതന്തു.

വ്യക്തിപരമായി പറഞ്ഞാൽ എനിക്കിതൊന്നുമല്ല ഇഷ്ടമായത്. എല്ലാ സിനിമയിലും എപ്പോഴും പുരുഷന്മാരുടെ പ്രണയം വാഴ്ത്തപ്പെടുന്നു. അവരുടെ വിട്ടുകൊടുക്കൽ, സ്നേഹം, പൊസസീസിവെൻസ് ഇവ മാത്രമാണ് എന്നും നമ്മുടെ സിനിമയിൽ ഏറെ കാണാറുള്ളത്. ഒരു പെൺകുട്ടി (ഐശ്വര്യ )അവളുടെ പ്രതാപിയായ അച്ഛന്റെ സമ്മർദങ്ങൾക്ക് വഴങ്ങി അവളുടെ ആദ്യ പ്രണയം വിട്ടു ദൂരേക്ക് ഓടി അകലുന്നു. അവളുടെ അമ്മയിൽ നിന്ന് പോലും, അവനിൽ അർപ്പിച്ച വിശ്വാസം കാത്തിരിക്കും എന്ന വിശ്വാസത്തിൽ. അവനെ മാത്രമേ അവളുടെ ജീവന്റെ പാതിയായി കാണാൻ പറ്റുകയുള്ളു എന്ന

വിശ്വാസത്തിൽ. ഒടുവിൽ വർഷങ്ങൾക്ക് ശേഷം അവൾ തിരിച്ചു വരുന്നു. പക്ഷെ നായകൻറെ പ്രതികൂല സാഹചര്യത്തിൽ അവനു വേറെ വഴിയില്ലാതെ മറ്റൊരാളെ വിവാഹം ചെയ്ത് കുട്ടിയുമായി സന്തുഷ്ടമായി കുടുംബ ജീവിതം നയിക്കുന്നു.

കുണ്ഡവിയെ ആദ്യമായി കാണുമ്പോൾ ഐശ്വര്യ (ഫസ്റ്റ് ലവ് ) ഒരേ ഒരു ചോദ്യം അത് അവർ ചെയ്ത കഥാ പാത്രത്തെ അവിസ്മരണീയം ആക്കുന്നു...
കുന്ദവി : നാൻ ഗൗതംഉടെ വൈഫ്
ഐശ്വര്യ: അപ്പൊ നാൻ യാര് ?

ഈ ചിത്രം 2015 ൽ സഞ്ജയ് ജാദവ് മറാത്തിയിലേക്ക് തു ഹി രേ എന്ന പേരിൽ remake ചെയ്യുകയും അവിടെ വൻ വിജയം ആയി മാറുകയും ചെയ്തു.